LIBRARY ARCHIVES Kerala Legislative Assembly

സൗര പദ്ധതി ആകർഷകമാക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തുടർനടപടികൾ നടന്നുവരുന്നു. ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗ്രണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

പുതിയ താപോർജ്ജ പ്ലാന്റുകൾ

187(457) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയ പുതിയ താപോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ മുൻസർക്കാരിന് സാധിച്ചിട്ടുണ്ടോ?

പ്രകടന പത്രികയിൽ വാഗ്ദാനംചെയ്ത കാസർഗോഡ് ചീമേനിയിലെ താപവൈദ്യുത നിലയം പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുമെന്നുള്ള തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് നടപ്പിലാക്കുവാൻ സാധിച്ചില്ല

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ബാധകമല്ല.

വൈദ്യുതിക്കമ്പി പൊട്ടിവീഴൽ

188(458) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പലഭാഗത്തും പൊട്ടിവീണ വൈദ്യുതിക്കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണം സംഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതിക്കമ്പി പൊട്ടിവീഴുമ്പോൾ ഉടൻതന്നെ വൈദ്യുതി വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ച് തനിയെ സപ്ലൈ ഓഫ് ആകുന്ന സംവിധാനം 11 KV മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണ് നിലവിലുള്ളത്. എന്നാൽ എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.റ്റി. ലൈൻകമ്പി പൊട്ടിയാൽ സപ്ലൈ ഓഫ് ആകുന്നതിനുവേണ്ടി പരീക്ഷണ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർകൾക്ക് എൽ.റ്റി. സൈഡിൽ എം.സി.സി.ബി സ്ഥാപിക്കുക (തിരുവനന്തപുരം ജില്ലയിലെ കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ) തുടങ്ങിയ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. എല്ലാത്തരം സൈറ്റ് അവസ്ഥകളിലും മേൽപ്പറഞ്ഞ നിർദ്ദിഷ്ട സിസ്റ്റത്തിന്റെ (എം.സി.സി.ബി) സമ്പൂർണ്ണ കാര്യക്ഷമത കണ്ടെത്തുന്നതിനായി ഫീഡ് ബാക്ക് പഠനങ്ങൾ നടന്നുവരുന്നു.

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.

1. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു (പ്രോജക്ട് മാനേജുമെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും എൽ.റ്റി ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നു.

3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

5. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

6. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും, ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുന്ന വർക്കുകൾ നടന്നുവരുന്നു.

വൈദ്യുത ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ ലൈനുകളിൽ സ്പേസറുകളും ഗാർഡിംഗും സ്ഥാപിക്കുകയും കൂടാതെ ട്രാൻസ്ഫോർമറിന് കാര്യക്ഷമമായ പ്രൊട്ടക്ഷൻ നൽകുകയും ചെയ്യുന്ന പദ്ധതി ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി ഫലപ്രദമായാൽ മറ്റ് സെക്ഷനുകളിലും പദ്ധതി നടപ്പാക്കാവുന്നതാണ്.

വൈദ്യുതി ലൈനിൽനിന്നുള്ള അപകടങ്ങൾ കുറയ്ക്കാൻ നടപടി

189(459) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് മരണമടയുന്നതായ സംഭവങ്ങൾ ഈ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ ശക്തമായ കാറ്റുവീശുന്ന സമയങ്ങളിൽ വൈദ്യുതി ലൈനുകളുമായി സമ്പർക്കത്തിൽപ്പെട്ട് കമ്പികൾ പൊട്ടി നിലത്ത് വീഴുന്നതിൽനിന്നും ഷോക്കേറ്റും, മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന ചില അവസരങ്ങളിൽ ലൈൻ പൊട്ടിവീണ് വൈദ്യുതാഘാതമേറ്റ് മരണമടയുന്നതുമായ ചില സംഭവങ്ങൾ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പൊട്ടിവീണ വൈദ്യുത ലൈനിൽനിന്നും പതിനഞ്ച് പേരോളം മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly